**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5392** **03-11-2021 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജകമണ്ഡലത്തിലെ ടെക്നോപാർക്കിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri. Pinarayi Vijayan**<br>(മുഖ്യമന്ത്രി) | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിലെ ടെക്നോപാർക്കിന്റെ നിലവിലെ പ്രവർത്തനം വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ടെക്നോപാർക്കിന്റെ വികസന ഘട്ടങ്ങളിലുൾപ്പെട്ട കുണ്ടറയിലെ കൊല്ലം ടെക്നോപാർക്ക് പൂർണ്ണമായും പ്രത്യേക സാമ്പത്തിക മേഖലയിലാണ് പ്രവർത്തിക്കുന്നത്. 1 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ മികച്ച അടിസ്ഥാന സൗകര്യങ്ങളോട്ടു കൂടി നിർമ്മാണം പൂർത്തിയാക്കിയ അഷ്ടമുടി ഐ.ടി കെട്ടിട സമുച്ചയത്തിൽ നിന്നും 2015 മുതൽ കമ്പനികൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൊല്ലം ടെക്നോപാർക്കിന്റെ പ്രവർത്തനങ്ങൾ പരിപാലിക്കുന്നതിനായി പാർക്ക് സെന്റർ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. മികച്ച അടിസ്ഥാന സൗകര്യങ്ങളോട്ടുകൂടി തിരുവനന്തപുരം ടെക്നോപാർക്ക് പോലെ 24/7/365 മാതൃകയിൽ കൊല്ലം ടെക്നോപാർക്ക് പ്രവർത്തിച്ചുവരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ടെക്നോപാർക്കിൽ നിലവിൽ ഏതൊക്കെ കമ്പനികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ 22 കമ്പനികൾ പ്രവർത്തിച്ച് വരുന്നുണ്ട്. കമ്പനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത ടെക്നോപാർക്കിന്റെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന ഐ.ടി./ഐ.ടി.ഇ.എസ് സംരംഭങ്ങൾക്കായി SEZ ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജല – വൈദ്യുതി – കണ്ക്ടിവിറ്റി, അപ്രോച്ച് റോഡുകൾ തുടങ്ങിയ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. പൂർണ്ണമായും പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കാൻ താൽപര്യമുള്ള ഐ.ടി/ഐ.ടി.ഇ.എസ് കമ്പനികൾക്ക് ആവശ്യമായ മികച്ച നിലവാരത്തിൽ ഫർണിഷ് ചെയ്ത ബിസിനസ് ഓഫീസുകളും (SBC- Smart Business Centre-കൾ) ഫർണിഷ് ചെയ്യാത്ത ബിൽട്ട് അപ്പ് സ്ഥലസൗകര്യങ്ങളും അഷ്ടമുടി ഐ.ടി കെട്ടിടത്തിൽ കമ്പനികൾക്കായി ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരത്തെ |

| | | | |
|---|---|---|---|
| | | | ടെക്നോപാർക്കിനെ അപേക്ഷിച്ച് 50% കുറഞ്ഞ വാടക നിരക്കിലാണ് കൊല്ലം ടെക്നോപാർക്കിൽ കമ്പനികൾക്ക് സ്ഥലസൗകര്യങ്ങൾ നൽകുന്നത്. തിരുവനന്തപുരം ടെക്നോപാർക്ക് നടപ്പിലാക്കുന്ന മാർക്കെറ്റിംഗ് സ്ട്രാറ്റജിയിലും, പ്രമോഷണൽ ക്യാമ്പയിനുകളിലും കൊല്ലം ടെക്നോപാർക്കിനും അർഹമായ സ്ഥാനം നല്കിവരുന്നുണ്ട്. 110 kV വൈദ്യുതി സബ്സ്റ്റേഷൻ, പമ്പ് ഹൗസ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP), ഡീസൽ ജനറേറ്റർ ആഡ് 1.15 MLD കപ്പാസിറ്റിയോടു കൂടിയ വാട്ടർ ടാങ്ക്, പൊതുമരാമത്തുമായി ചേർന്ന് ഡിപ്പോസിറ്റ് വർക്കിൽ ചെയ്ത ഒന്നര കിലോമീറ്റർ ദൈർഘ്യത്തിൽ കാഞ്ഞിറോഡ് മുതൽ കൊല്ലം ടെക്നോപാർക്ക് വരെയുള്ള പബ്ലിക് റോഡ് തുടങ്ങിയവയെല്ലാം കൊല്ലം ടെക്നോപാർക്കിന്റെ വികസനത്തിനായി നടപ്പിലാക്കിയിട്ടുള്ളവയാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Slno | Companies operating from Kollam Technopark as on 26/10/2021 |
|---|---|
| 1 | Awdar Software Solutions LLP |
| 2 | Centrec Technologies Pvt. Ltd. |
| 3 | Cyangits Solutions Pvt. Ltd |
| 4 | Cyberia Softwares Pvt. Ltd. |
| 5 | Redeemer Technologies Pvt. Ltd. |
| 6 | Rootlet Technologies Pvt. Ltd. |
| 7 | Sopetel Technologies Pvt. Ltd. |
| 8 | Tech Store Solutions Pvt. Ltd. |
| 9 | Twixt Technologies Pvt. Ltd. |
| 10 | Ventura Systems Pvt. Ltd. |
| 11 | Waferchips Technosolutions Pvt. Ltd. |
| 12 | Cloud Plus Technologies Pvt. Ltd. |
| 13 | Incredible Visibility Solutions Pvt. Ltd. |
| 14 | Quiits Technologies Pvt. Ltd. |
| 15 | Entregar Solutions Pvt. Ltd. |
| 16 | Evalogical Pvt. Ltd. |
| 17 | Meditree Solutions Pvt. Ltd. |
| 18 | Estiara Softech Pvt. Ltd. |
| 19 | Mediscribes Infotech ( India ) Pvt. Ltd. |
| 20 | Mizars Innovations Pvt. Ltd. |
| 21 | Technograph Digital Solutions Pvt. Ltd. |
| 22 | Xigologix Pvt. Ltd. |

SO